"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - 'മാലിന്യത്തിൽ നിന്നും ഊർജ്ജം ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ' (Waste to Energy Projects) ജനങ്ങളെ പരിചയപ്പെടുത്തുന്നതിനായി തയ്യാറാക്കിയിട്ടുള്ള വീഡിയോകൾ പ്രദർശിപ്പിക്കുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടേറ്റിൽ ശുചിത്വമിഷൻ മുഖേന സ്മാർട്ട് റ്റി.വി.യും അനുബന്ധഉപകരണങ്ങളും ലഭ്യമാക്കുന്നതിന് സ്വച്ഛ് ഭാരത് മിഷൻ (നഗരം) പദ്ധതിയിലെ ഐ.ഇ.സി. ഘടകത്തിൽ നിന്നും പരമാവധി 60,000/- രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

G.O.(Rt)No.918/2019/LSGD തീയതി, തിരുവനന്തപുരം, 30/04/2019

പരാമർശം:- 1 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 01.04.2019- ലെ 1219/E1/2019/SMനമ്പർ കത്ത്

2 ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 23.03.2019-ൽ ചേർന്ന മാലിന്യ സംസ്കരണം സംബന്ധിച്ച സംസ്ഥാനതല ഉപദേശക സമിതിയുടെ തീരുമാനങ്ങൾ.

**ഉത്തരവ്**

'മാലിന്യത്തിൽ നിന്നും ഊർജ്ജം ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ' (Waste to Energy Projects) സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ സ്ഥലങ്ങളിൽ വേസ്റ്റ് -റ്റു- എനർജി പ്ലാന്റുകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ ഇത്തരം പദ്ധതികൾ പൊതുജനങ്ങളെ പരിചയപ്പെടുത്തുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപറേഷൻ വീഡിയോ പ്രെസന്റേഷൻ തയ്യാറാക്കിയിട്ടുണ്ട്. ഇത്തരം വീഡിയോകൾ ജില്ലാതലത്തിൽ പൊതുജനങ്ങൾ ഏറ്റവും അധികം വന്നുപോകുന്ന ഭരണനിർവ്വഹണ കേന്ദ്രമായ ജില്ലാ കളക്ടേറ്റുകളിൽ പ്രദർശിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്നതിനാൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 23.03.2019-ൽ ചേർന്ന മാലിന്യ സംസ്കരണം സംബന്ധിച്ച സംസ്ഥാനതല ഉപദേശക സമിതി യോഗത്തിൽ തിരുവനന്തപുരം ജില്ലാ കളക്ടേറ്റിൽ നിർദ്ദിഷ്ട സന്ദേശങ്ങൾ ഉൾക്കൊള്ളിച്ച വീഡിയോകൾ പ്രദർശിപ്പിക്കുന്നതിനായി ശുചിത്വമിഷൻ മുഖേന സ്മാർട്ട് റ്റി.വി.യും അനുബന്ധ ഉപകരണങ്ങളും വാങ്ങി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി സ്വച്ഛ് ഭാരത് മിഷൻ (നഗരം) പദ്ധതിയിലെ ഐ.ഇ.സി. ഘടകത്തിൽ നിന്നും

പരമാവധി 60,000/- രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്ന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം(1) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 'മാലിന്യത്തിൽ നിന്നും ഊർജ്ജം ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ' (Waste to Energy Projects) പൊതു ജനങ്ങളെ പരിചയപ്പെടുത്തുന്നതിനായി തയ്യാറാക്കിയിട്ടുള്ള വീഡിയോകൾ പ്രദർശിപ്പിക്കുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടേറ്റിൽ ശുചിത്വമിഷൻ മുഖേന സ്മാർട്ട് റ്റി.വി.യും അനുബന്ധഉപകരണങ്ങളും ലഭ്യമാക്കുന്നതിന് സ്വച്ഛ് ഭാരത് മിഷൻ (നഗരം) പദ്ധതിയിലെ ഐ.ഇ.സി. ഘടകത്തിൽ നിന്നും പരമാവധി 60,000/- രൂപ ചെലവഴിക്കുന്നതിന് പരാമർശം (2)-ന്റെ അടിസ്ഥാനത്തിൽ ശുചിത്വ മിഷന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SINDHU. L.
SPECIAL SECRETARY

ജില്ലാ കളക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഐ.ഡി,സി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SMITHA B CHANDRA
Date: 2019.05.02 [illegible]:37:38 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്
തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിയ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്